# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3232 | 11-05-2017 ലെ മറുപടിക്ക്

**ചോദ്യം** | **മറുപടി**

**ശ്രീ.മുല്ലക്കര രത്നാകരൻ**

**ഡോ.ടി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

### 2016-17ലെ റവന്യൂ വരുമാനം

| | | |
|---|---|---|
| (എ) | 2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ ആകെ റവന്യൂ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെ ലഭിച്ച ആകെ റവന്യൂ വരുമാനം 50407.49 കോടി രൂപയാണ്. ഇതിൽ വിൽപന നികുതി ഇനത്തിലാണ് ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചിട്ടുള്ളത് (23925.09 കോടി രൂപ). |
| (ബി) | ഇതിൽ ഏറ്റവുമധികം വരുമാനം ലഭിച്ചത് ഏതു ഇനത്തിൽ നിന്നും ആയിരുന്നുവെന്ന് കണക്കാക്കാമോ; | |
| (സി) | മദ്യം, സ്വർണ്ണ വിൽപ്പന, ലോട്ടറി എന്നീ മേഖലയിൽ നിന്നുള്ള വരുമാനം പ്രത്യേകം വെളിപ്പെടുത്താമോ? | 2016-17 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ബിവറേജ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ്, മദ്യവില്പനശാലകൾ, ബിയർ & വൈൻ പാർലറുകൾ, കള്ള് ഷാപ്പുകൾ, ബാറുകൾ എന്നിവയിൽ നിന്നും വിദേശമദ്യം, കള്ള് തുടങ്ങിയവയുടെ വിൽപ്പനയുമായി ബന്ധപ്പെട്ട എക്സൈസ് ഡ്യൂട്ടി, ലൈസൻസ് ഫീ, ട്രീ ടാക്സ്, ഗാലനേജ് ഫീ, റെന്റൽ മുതലായ ഇനങ്ങളിൽ എക്സൈസ് വകുപ്പ് മുഖേന സർക്കാരിന് ലഭിച്ച വരുമാനം 1969 കോടി രൂപയും ലോട്ടറി ടിക്കറ്റ് വിൽപ്പനയിലൂടെ 7394.90 കോടി രൂപയും (വിറ്റു വരവ്) മദ്യം, സ്വർണ്ണം, ലോട്ടറി എന്നിവയുടെ വിൽപ്പന നികുതിയിനത്തിൽ 9393.64 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ